Non-departmental Anchal Office.

* 627. MR. P. GOPALAN (*Vaikom III—General*) : Will the Hon'ble Minister for Anchal be pleased to state :

(*a*) whether the Government have received representations for a non-departmental Anchal office at Brahmamangalam (ബ്രഹ്മമംഗലം) in Vaikom taluk ; and

(*b*) if the answer to (*a*) is in the affirmative, state what step has been taken by the Government ?

HON'BLE MR. K. R. ELANKATH : വൈക്കം താലൂക്കിൽ ബ്രഹ്മമംഗലം എന്ന സ്ഥലത്തു് ഒരു നോൺ ഡിപ്പാർട്ടുമെൻറൽ അഞ്ചൽ ആഫീസു് സ്ഥാപിക്കണമെന്നു കാണിച്ചു് ഗവണ്മെൻറിലേക്കു് നിവേദനം ലഭിച്ചിട്ടുണ്ടു്. വൈക്കം താലൂക്കിൽ മറവൻതുരുത്തു്, കുലശേഖരമംഗലം ഈ സ്ഥലങ്ങളിൽ ക്രമേണ അഞ്ചലാഫീസുകൾ സ്ഥാപിക്കണം എന്നുള്ള നിവേദനം ലഭിക്കുകയും അവയെ സംബന്ധിച്ചു് അന്വേഷണം നടത്തിയതിൽ മറവൻതുരുത്തിൽ ഒരഞ്ചലാഫീസു് സ്ഥാപിക്കുന്നതായാൽ മറ്റു രണ്ടു സ്ഥലങ്ങളിലേ ആവശ്യം ക്രമേണ ഇതുകൊണ്ടു് നിറവേറാണമെന്നു് ഗവണ്മെൻറിനു് ബോദ്ധ്യമായിരിക്കുകയാണു്. ഇവ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

MR. PANDAVATH SANKARA PILLAI : നോൺ ഡിപ്പാർട്ടുമെൻറൽ അഞ്ചലാഫീസുകൾ സ്ഥാപിക്കുന്നതു് ഏതു് അടിസ്ഥാനത്തിലാണു്.

HON'BLE MR. K. R. ELANKATH: മൂന്നുമൈലിനകത്തു് അഞ്ചലാഫീസു് ഇല്ലെങ്കിൽ അനുവദിക്കുകയെന്നുള്ളതാണു് സാധാരണ പതിവു്.

MR. PANDAVATH SANKARA PILLAI : ഡിപ്പാർട്ടുമെൻറൽ അഞ്ചലാഫീസുകൾ അനുവദിക്കുന്നതു് ഏതടിസ്ഥാനത്തിൽ ആണു് ?

HON'BLE MR. K. R. ELANKATH : ഏതാനും കൊല്ലങ്ങൾ പ്രവർത്തിച്ചശേഷം അവിടത്തെ സേവിംഗ്സു് നോക്കി ലാഭകരമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമായാൽ അഞ്ചലാഫീസു് സ്ഥാപിക്കുന്നതാണു്.

MR. PANDAVATH SANKARA PILLAI : അപ്പോൾ സേവിംഗ്സു് കണക്കാക്കിയാണോ ആഫീസുകൾ സ്ഥാപിക്കുക?

HON'BLE MR. K. R. ELANKATH : സേവിംഗ്സു് ക്രമേണ പരിഗണിക്കുന്നതാണു്. പൊതുജനങ്ങൾ ആ ആഫീസു് എത്രത്തോളം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നു മനസ്സിലാക്കാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. PANDAVATH SANKARA PILLAI : സേവിംഗ്സ് ഉള്ള തുറിൽ പരം നോൺ ഡിപ്പാർട്ടുമെന്റൽ അഞ്ചലാഫീസുകളും ഡിപ്പാർട്ടുമെന്റൽ ആക്കാൻ ആലോചനയുണ്ടോ?

HON'BLE MR. K. R. ELANKATH : ഉണ്ട്. എന്നാൽ അവ ഒന്നിച്ച് എടുക്കുക സാദ്ധ്യമല്ല. കൊല്ലംതോറും കുറേശ്ശ എടുക്കുന്നതാണ്.

MR. P. K. KRISHNAN SASTRI : അഞ്ചലാഫീസുകൾ സ്ഥാപിക്കുവാൻ വേണ്ടിയുള്ള നിവേദനങ്ങളെ ഗവണ്മെന്റ് ദയാപൂർവം പര്യാലോചിക്കുമോ?

HON'BLE MR. K. R. ELANKATH : സാധാരണയായി അനുവദിക്കാറുള്ളത് ആദ്യമായി നോൺഡിപ്പാർട്ടുമെന്റൽ എക്സ്പെരിമെന്റൽ ആഫീസുകളാണ്.

MR. K. A. MATHEW (*Thiruvella IV—General*) : ആണ്ടിൽ ഇത്ര എണ്ണം മാത്രമേ ഇറക്കാവൂ എന്ന് നിയമം ഉണ്ടോ?

HON'BLE MR. K. R. ELANKATH : അങ്ങനെയൊരു ചട്ടം ഉണ്ട്. എന്നാൽ പത്തിൽ കുറയാതെ ഇപ്പോൾ അനുവദിക്കുന്നുണ്ട്.

MR. T. T. KESAVAN SASTRI : ഇപ്പോൾ തിരുവിതാംകൂറിൽ എത്ര അഞ്ചലാഫീസുകൾ ഉണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. K. R. ELANKATH : സൂക്ഷ്മമായി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

കത്തോലിക്കാസ്കൂളുകൾ

* 628 MR. S. KUTTAN (*Neyyattinkara I—General*) : താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) നിർബ്ബന്ധിതാതിർത്തിക്കകത്തു എത്ര കത്തോലിക്കാസ്കൂളുകൾ ഗവണ്മെന്റു ഏറ്റെടുത്തിട്ടുണ്ട്?

(ബി) ഏറ്റെടുക്കാത്ത കത്തോലിക്കാസ്കൂളുകൾ ഉണ്ടെങ്കിൽ അതിലേക്കുള്ള കാരണം എന്താണ്?

HON'BLE MR. N. KUNJURAMAN : (എ) ഒന്നു മാത്രം (നെടുമങ്ങാട്ടു ഡിസ്ട്രിക്റ്റിൽ)

(ബി) കത്തോലിക്കമാനേജ്മെൻറുകളുടെ വിസമ്മതം മൂലവും ഫർദർ മാർച്ച് 1 0-നു പുറപ്പെടുവിച്ചിട്ടുള്ള പ്രസ്കമ്മീണിക്കെയിലെ വ്യവസ്ഥപ്രകാരം അവരെ ഈ സ്കൂളുകൾ നടത്തുന്നതിനു അനുവദിച്ചിരിക്കകൊണ്ടും.

LIBRARY ARCHIVES Kerala Legislative Assembly